സ്പോര്ട്സ്(1)/40450/11/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം തീയതി -24.08.2011.

## സർക്കുലർ

**വിഷയം:-** വിദ്യാഭ്യാസ അവകാശ നിയമം-അത്‌ലറ്റിക് ഫണ്ട് പിരിക്കുന്നത്-സംബന്ധിച്ച്

**സൂചന:** ജി.ഒ.(കൈ)നം.124/2011/പൊ.വി.വ. തിയതി: 26-05-2011.

*****************

സൂചനയിലെ ഗവൺമെന്റ് ഉത്തരവുപ്രകാരം വിദ്യാഭ്യാസ അവകാശ നിയമത്തിൻ കീഴിൽ 8-ാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും സ്പെഷ്യൽ ഫീ പിരിക്കുന്നത് നിർത്തലാക്കിയിരുന്നു. എന്നാൽ മിക്കവാറും ജില്ലകളിൽ ഈ ഉത്തരവു ലഭിക്കുന്നതിനു മുൻപ് തന്നെ സ്പെഷ്യൽ ഫീ പിരിച്ചിട്ടുണ്ട് എന്ന് മനസിലാക്കുന്നു.

ആയതിനാൽ 2011-12 അദ്ധ്യയന വർഷം 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുത്ത അത്‌ലറ്റിക് ഫണ്ട് മുൻ വർഷങ്ങളിലേതുപോലെ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് അടിയന്തിരമായി നൽകേണ്ടതും വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഇനിയും സ്പെഷ്യൽ ഫീ പിരിച്ചെടുക്കാത്ത 8-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളിൽ നിന്നും സ്പെഷ്യൽ ഫീ ഈടാക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും അറിയിക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**

**പകർപ്പ്:**

**എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും**
**എല്ലാ ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും**

വൈ.പി.24/08